ഗ്രാമവികസന ഏജൻസികൾ അംഗീകരിച്ച റോഡുകളുടെ പണി

1687 [2537] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 സാമ്പത്തിക വർഷത്തിൽ ആർ.എൽ.ഇ.ജി.പി. അനുസരിച്ച് ജില്ലാ ഗ്രാമവികസന ഏജൻസികൾ അംഗീകരിച്ച റോഡ് പണികൾക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ അപ്രകാരം അനുമതി നൽകിയ പണികളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ആർ.എൽ.ഇ.ജി.പി. പ്രോജക്റ്റുകൾ ജനപ്രതിനിധികളിൽ നിന്നു ലഭിക്കുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് തയ്യാറാക്കുന്നത് ഗവൺമെന്റ് തലത്തിലാണ്. ഡി. ആർ. ഡി. എ. കൾ വഴി റോഡുകളുടെ സാദ്ധ്യതകളെക്കുറിച്ച് അന്വേഷിച്ച ശേഷം പ്രോജക്ട് തയ്യാറാക്കുന്നു.

(ബി) 1985–86–ൽ റോഡുപണികൾ അനുവദിച്ചിട്ടില്ല. 1986–87–ൽ അനുവദിച്ച റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഒറ്റപ്പാലം ബ്ലോക്കിലെ മനിശ്ശേരി പറയാകോളനി

1688 [2540] ശ്രീ. വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബ്ലോക്കിലെ വാണിയംകുളം പഞ്ചായത്തിൽ മനിശ്ശേരി പറയാകോളനിയിൽ ഒരു കിണർ കുഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എത്ര രൂപയാണ് ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.;

(സി) ഈ കിണർ എത്ര ഹരിജൻ കുടുംബങ്ങൾക്ക് പ്രയോജനപ്പെടും?

ഉത്തരം

(എ) ഉണ്ട്.

(ബി) 15,000 രൂപ.

(സി) 20 കുടുംബങ്ങൾ.

അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കിലെ ശുദ്ധ ജല വിതരണം

1689 [2541] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ സബ് പ്ലാനിൽപ്പെട്ട ഡിപ്രസ്ഡ് ട്രയിബ്സ് സ്കീം അനുസരിച്ച് അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കിൽ 1984–85 1985–86 ഒക്ടോബർ 31 വരെ എത്തെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്;

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly